(സി) കേരളാ സ്റ്റേറ്റ് മെരിറ്റിലും ഡിസ്ട്രിക്ട് മെരിറ്റിലും ആർക്കും നൽകാനില്ല. എന്നാൽ നാഷണൽ മെരിറ്റിൽ 193 പേർക്ക് നൽകുവാനുണ്ട്.

(ഡി) കേരളാ സ്റ്റേറ്റ് മെരിറ്റ്

1982-83	5,60,000 രൂപ
1983-84	5,10,000 രൂപ
1984-85	4,65,000 രൂപ

ഡിസ്ട്രിക്റ്റ് മെരിറ്റ്

1982-83	6,10,000 രൂപ
1983-84	9,00,000 രൂപ
1984-85	10,00,000 രൂപ

നാഷണൽ മെരിറ്റ്

1982-83	24,00,000 രൂപ
1983-84	34,96,400 രൂപ
1984-85	34,00,000 രൂപ

കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി

78 [159] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമൻസ് കോളേജിൽ പ്രീഡിഗ്രിക്ക് ഫസ്റ്റ് ഗ്രൂപ്പ്, സെക്കന്റ് ഗ്രൂപ്പ്, ബി. എസ്സി. എന്നീ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) യും (ബി) യും പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിലേക്കുള്ള യൂണിവേഴ്സിറ്റിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു. അന്തിമതീരുമാനമായിട്ടില്ല.

കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം

79 [160] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി സെക്രട്ടറി ശ്രീ. എം. പി. കുഞ്ഞുരാമക്കുറുപ്പിന്റെ 22-7-1985-ലെ ഒരു മെമ്മോറാണ്ടം വിദ്യാഭ്യാസവകുപ്പു മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly